നടപ്പിലാക്കുന്ന നിരവധി പരിപാടികളിൽ താഴെത്തട്ടിൽ പ്രവർത്തിക്കുന്ന ടെയ്നർമാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ വിവിധ തലങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാർ സ്കൂളുകളുടെ ഭൗതിക സൗകര്യം

178(4188) ശ്രീ. സി. ആർ. മഹേഷ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്ന പദ്ധതിപ്രകാരം ഇതിനകം എത്ര സ്കൂളുകൾക്ക് സഹായം അനുവദിച്ചുവെന്ന് അറിയിക്കാമോ?

പദ്ധതിയിനത്തിൽ നിന്നും 1049 സ്കൂളുകൾക്കും, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ടിൽ നിന്നും 973 സ്കൂളുകൾക്കും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തുക അനുവദിച്ചിട്ടുണ്ട്

(ബി) എന്തൊക്കെ ഭൗതിക സൗകര്യങ്ങളാണ് പ്രസ്തുത സ്കൂളുകളിൽ ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ഓരോ സ്കൂളിന്റെയും ആവശ്യകതയനുസരിച്ച് ക്ലാസ്സ് മുറികൾ, ലൈബ്രറി, ലാബ്, ആഡിറ്റോറിയം, ടോയ്ലെറ്റ് ബ്ലോക്ക്, കിച്ചൺ ബ്ലോക്ക്, ചുറ്റുമതിൽ ഇൻഡോർ/ഔട്ട് ഡോർ കളിസ്ഥലം എന്നിവയുടെ നിർമ്മാണത്തിനാണ് ഭരണാനുമതി നൽകുന്നത്.

(സി) പ്രസ്തുത പദ്ധതിക്കായി കിഫ്ബിയിൽ നിന്നും ഇതിനകം എത്ര തുക ലഭിച്ചുവെന്ന് അറിയിക്കുമോ?

പൊതുവിദ്യാലയങ്ങൾക്ക് കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി 2075.5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കിഫ്ബിയിൽ നിന്നും ധനാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly